(ബി) ഉണ്ട്. 390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യു.ഡി. തയ്യാറാക്കി നൽകിയിരിക്കുന്നത്.

(സി) ഭരണാനുമതിക്കായുള്ള ശിപാർശ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭിച്ചാൽ ഉടൻതന്നെ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചേർത്തല ഗവൺമെന്റ് പോളിടെക്നിക്ക്

112 (1141) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ എൻജിനീയറിംഗ്, കമ്പ്യൂട്ടർ എൻജിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ രണ്ട് പുതിയ ബ്രാഞ്ചുകൾക്ക് അംഗീകാരം നൽകിയിട്ട് എത്ര വർഷമായി ;

(ബി) ഈ ബ്രാഞ്ചുകൾ എത്രയും വേഗം ആരംഭിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇനിയും ഈ ബ്രാഞ്ചുകൾ ആരംഭിക്കാത്തത് വിശദമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷം മുതൽ ഈ രണ്ടുബ്രാഞ്ചുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷംമാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണം

113 (1142) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ് ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലെയെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം വി.ഇ.2/2012/ എസ്.ഐ.യു. II, വി.ഇ.1/2012/എസ്.ഐ.യു. II എന്നീ നമ്പറുകൾ പ്രകാരം 2 വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിരുന്നു. അതിൽ വി.ഇ.2/2012/ എസ്.ഐ.യു. II എന്ന നമ്പർ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി.01/2015/എസ്.ഐ.യു. I എന്ന നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ വിഷയത്തിലുള്ള സ്പെഷ്യൽ റിപ്പോർട്ടും എഫ്.ഐ.ആർ.-ഉം ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

അനുവദിച്ച പോളിടെക്നിക്കുകളും സീറ്റുകളും

114 (1143) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2015 വരെ പോളിടെക്നിക്കൽ വിവിധ കോഴ്സുകൾക്കായി ഓരോ വർഷവും എത്ര സീറ്റ് വീതം ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഓരോ വർഷവും എത്ര സീറ്റുകളും കോളേജുകളും പുതിയതായി അനുവദിച്ചിട്ടുണ്ട് ; അവ എവിടെയെല്ലാമാണ് ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly